**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2982** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആമ്പല്ലൂരിലെ തീയേറ്റർ സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടുകൂടി കെ.എസ്.എഫ്.ഡി.സി. പുതുക്കാട് നിയോജക മണ്ഡലത്തിലെ ആമ്പല്ലൂരിൽ നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | പുതുക്കാട് നിയോജക മണ്ഡലത്തിലെ ആമ്പല്ലൂരിൽ നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ, എച്ച്.വി.എ.സി ജോലികൾ 46% പൂർത്തിയായിട്ടുണ്ട്. അഗ്നിശമന നിയമ-പ്രകാരമുള്ള ജലസംഭരണിയുടെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ഫ്ളോർ & വാൾ ടൈലിംഗ്, പെയിന്റിംഗ്, ലിഫ്റ്റിന്റെ പണികൾ എന്നിവ പൂർത്തിയാകാനുണ്ട്. |
| (ബി) | 2020 ജനുവരിയിൽ ആരംഭിച്ച പ്രസ്തുത തീയേറ്റർ സമുച്ചയ നിർമ്മാണം കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) | ഈ വർഷം ഡിസംബറോടെ തീയേറ്റർ നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ